ഇതുവരെയെന്നെ കരുതിയ നാഥാ

ഇനിയെനിക്കെന്നും തവകൃപമതിയാം

ഗുരുവരനാം നീ കരുതുകിൽ പിന്നെ

കുറവൊരു ചെറുതും വരികില്ല പരനെ

അരികളിൻ നടുവിൽ വിരുന്നൊരുക്കും നീ

പരിമളതൈലം പകരുമെൻ ശിരസ്സിൽ

ഇതുവരെ..1

പരിചിതർ പലരും പരിഹസിച്ചെന്നാൽ

പരിചിൽ നീ കൃപയാൽ  പരിചരിച്ചെന്നെ

തിരുചിറകടിയിൽ  മറച്ചിരുൾ  തീരും

വരെയെനിക്കരുളും അരുമയോടഭയം

ഇതുവരെ..1

കരുണയിൻ കരത്തിൻ കരുതലില്ലാത്ത

ഒരു നിമിഷവുമീ മരുവിലില്ലെനിക്ക്

ഇരവിലെന്നൊളിയായ് പകലിലെൻ തണലായ്

ഒരു പൊഴുതും നീ പിരിയുകയില്ല

ഇതുവരെ..1

മരണത്തിൻ നിഴൽ താഴ്വരയതിലും ഞാൻ

ശരണമറ്റവനായ് പരിതപിക്കാതെ

വരുമെനിക്കരികിൽ വഴിപതറാതെ

കരംപിടിച്ചെന്നെ  നടത്തിടുവോൻ നീ

ഇതുവരെ..1

തലചരിച്ചീടുവാൻ സ്ഥലമൊരുലവമീ

ഉലകിതിലില്ല മനുജകുമാരാ

തലചരിക്കും ഞാൻ തവ  തിരുമാർവ്വിൽ

നലമൊടു ലയിക്കും തവമുഖപ്രഭയിൽ

ഇതുവരെ..2

———————————————————————————————————————————————————————————————————–

ithuvareyenne karuthiya naathhaa

iniyenikkennum thavakrpamathiyaam

guruvaranaam nee karuthukil pinne

kurravoru cherruthum varikilla parane

arikalin natuvil virunnorukkum nee

parimalathailam pakarumen sirassil

ithuvare..1

parichithar palarum parihasichchennaal

parichil nee krpayaal  paricharichchenne

thiruchirrakatiyil  marrachchirul  theerum

vareyenikkarulum arumayotabhayam

ithuvare...1

karunayin karaththin karuthalillaaththa

oru nimishavumee maruvilillenikk

iravilennoliyaay pakalilen thanalaay

oru pozhuthum nee piriyukayilla

ithuvare...1

maranaththin nizhal thaazhvarayathilum njaan

saranamatavanaay parithapikkaathe

varumenikkarikil vazhipatharraathe

karampitichchenne  nataththituvon nee

ithuvare...1

thalacharichcheetuvaan sthhalamorulavamee

ulakithililla manujakumaaraa

thalacharikkum njaan thava  thirumaar_vvil

nalamotu layikkum thavamukhaprabhayil

ithuvare...2